

# കേരള ജലനയം
# 'ജലരേഖകൾ' ആർക്കുവേണ്ടി?

സി.ആർ. നീലകണ്ഠൻ


**2006 സെപ്തംബറിൽ തിരുവനന്തപുരത്ത് നടന്ന കേരള സർക്കാരിന്റെ കരട് ജലനയത്തിന്റെ ചർച്ചയ്ക്കുശേഷം വളരെ താമസിച്ച് ജലനയം ഉയർത്തുന്ന ആശങ്കകൾ, വെല്ലുവിളികൾ.**

**ഇക്കാലം** നമ്മുടെ സർക്കാരുകൾ ഇങ്ങനെയാണ്. ഒരു വശത്ത് 'ജലനയം' രൂപീകരിക്കാൻ കരട് രേഖ ചർച്ചക്കു വയ്ക്കും. ബന്ധപ്പെട്ട എല്ലാവരെയും വിളിക്കും. അവരുടെ അഭിപ്രായങ്ങളെല്ലാം കേൾക്കും. നയം ജനകീയമായി പരിഷ്കരിക്കുമെന്നുറപ്പ് നൽകും. എന്നാൽ മറുവശത്ത് ഈ ചർച്ചകളെ നിർഗുണമാക്കുന്ന വിധത്തിൽ പരിഷ്കാരങ്ങളുമായി മുന്നോട്ടുപോകും. ഇടതുപക്ഷ സർക്കാർ അധികാരമേറ്റ് മാസങ്ങൾക്കകം ജലനയം ചർച്ച ചെയ്യാൻ വിപുലമായ ശിൽപശാല വിളിച്ചു. ആ ചർച്ചയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുമെന്ന് പറഞ്ഞു. എന്നാൽ ഇത് പുറത്തുവരുന്നതിനു മുമ്പുതന്നെ ഒട്ടനവധി കാര്യങ്ങൾ ഇവിടെ നടന്നുകഴിഞ്ഞു. ലോകബാങ്കിന്റെ ജലനിധി പദ്ധതിക്കെതിരെ ശക്തമായ വിമർശനങ്ങൾ ശില്പശാലയിലും പുറത്തും ഉയർന്നുവന്നതാണ്. പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ അനുഭവങ്ങൾ ഒന്നു പഠിക്കാനെങ്കിലും സർക്കാർ തയ്യാറാകണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. ഉപഭോക്താവിന്റെ മേൽ മുഴുവൻ ഭാരവും കയറ്റുന്നതും സർക്കാർ എല്ലാ ഉത്തരവാദിത്തങ്ങളിൽ നിന്നൊഴിയുന്നതും എൻ.ജി.ഒ.കൾക്ക് സാമ്രാജ്യത്വനയങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ ജനങ്ങളുടെ തന്നെ ഫണ്ട് നൽകുന്നതുമെല്ലാം ഇതിന്റെ ദോഷങ്ങളാണ്. മിക്കയിടത്തും ജനങ്ങൾക്ക് പണം നഷ്ടമായി. വെള്ളം കിട്ടുന്നില്ല. സമരങ്ങൾ നടക്കുന്നു. പക്ഷെ ഇതെല്ലാം പരിശോധിക്കാമെന്നു പറഞ്ഞ മന്ത്രി, തൊട്ടടുത്ത ദിവസം തന്നെ അറിയില്ല, ഇപ്പോൾ നാല് ജില്ലകളിൽമാത്രം പ്രവർത്തിക്കുന്ന ലോകബാങ്ക് പദ്ധതി ബാക്കിയുള്ള പത്ത് ജില്ലകളിലേക്കുകൂടി വ്യാപിക്കുന്നുവെന്ന്. കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട നഗര സുസ്ഥിര വികസനത്തിനുള്ള വായ്പാപദ്ധതി എഡിബിയുടെ നിർദ്ദേശമനുസരിച്ചിവിടെ നടപ്പിലാക്കപ്പെടുകയാണ്. അതിലെ ഒരു പ്രധാന ഇനം കുടിവെള്ളമാണ്. നഗരത്തിലെ പൊതുജലവിതരണ സംവിധാനം എഡിബിയും ഗ്രാമങ്ങളിലേത് ലോകബാങ്കുമേറ്റെടുത്തുകഴിഞ്ഞാൽ പിന്നെ ജലനയത്തിനെന്തർത്ഥം? അല്ലെങ്കിലും സാമ്രാജ്യത്വാധിനിവേശകാലത്തെ എല്ലാ നയങ്ങളും തയ്യാറാക്കപ്പെടുന്നത് ജനാധിപത്യസംവിധാനങ്ങൾക്ക് പുറത്താണല്ലോ - അത് എ.ഡി.ബി., ഗാട്ട് തുടങ്ങി ആണവ കരാറുകൾക്കുവരെ ബാധകമായ കാര്യം. ഇതിനിടയിൽ മുമ്പുപേക്ഷിച്ച ഒരു പദ്ധതി കേരള ജല അതോറിറ്റി പൊടി തട്ടിയെടുത്തിരിക്കുന്നു - ശുദ്ധജലം കുപ്പിയിലാക്കി അവർ വിൽക്കാനൊരുങ്ങുകയാണ് അതിൽനിന്ന് കിട്ടുന്ന അധികവരുമാനമുപയോഗിച്ച് പൊതുജല വിതരണ സംവിധാനം മെച്ചപ്പെടുത്തുകയെന്ന (ക്രോസ് സബ്സിഡി) നയം! ഇത് വ്യക്തമായും സാമ്രാജ്യത്വ സാമ്പത്തിക നയങ്ങളുടെ ഭാഗമാണ്. ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും (സ്വാശ്രയം നല്ല ഉദാഹരണം) നടപ്പിലാക്കിയ നയം.

എല്ലാ സാമ്രാജ്യത്വ നയങ്ങളും നടപ്പിലാക്കുന്നത് 'പരിഷ്കാരങ്ങൾ' എന്ന പേരിലാണ്. ഒട്ടേറെ യുക്തികൾ നിരത്തിക്കൊണ്ട് ഇത്തരം പരിഷ്കാരങ്ങൾ നമുക്കനിവാര്യമാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുകയെന്നതാണ് ഇതിലെ പ്രധാന നടപടി. ഇത് ലോകബാങ്കിന്റെയോ എഡിബിയുടെയോ ആവശ്യമായിട്ടല്ല ഇവർ കൊണ്ടുവരിക. ഇത്തരം പരിഷ്കാരങ്ങൾക്ക് സാമൂഹ്യാംഗീകാരം നേടാൻ വേണ്ട നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി വലിയ തോതിൽ ഫണ്ട് വിനിയോഗിക്കപ്പെടുന്നു. മിക്കപ്പോഴും അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളാണ് ഈ ഫണ്ട് നൽകുന്നത്. ജലനിധിയുടെ പ്രചരണത്തിന് എൻജിഒകൾക്ക് പത്ത് ശതമാനം ഫണ്ട് നൽകുന്നുണ്ട്. വിശദമായ ടിഎകൾ (സാങ്കേതിക സഹായ പദ്ധതികൾ) ഇതിനുവേണ്ടി നടപ്പിലാക്കുന്നു. ഇവർ തയ്യാറാക്കിയ 'പഠനറിപ്പോർട്ടുകൾ' പൊതു സമൂഹത്തെക്കൊണ്ടും ബന്ധപ്പെട്ട വിഭാഗങ്ങളെ (സ്റ്റേയ്ക്ക് ഹോൾഡേഴ്സ് എന്ന് ഭാഷ്യം) കൊണ്ടും അംഗീകരിപ്പിക്കുന്നു. ഇതിനായി നിരവധി അവതരണങ്ങൾ (പ്രസന്റേഷൻ) തയ്യാറാക്കുന്നു. ശില്പശാലകൾ നടത്തുന്നു. പലപ്പോഴും സ്ഥാപ

**"ബഹുഭൂരിപക്ഷത്തിന്റെ ആവശ്യങ്ങൾ എന്തുതന്നെയായാലും നിശ്ചദാർഢ്യത്തോടെ ഒരു (സാമ്രാജ്യത്വ പിന്തുണയുള്ള) സംഘം പ്രവർത്തിക്കാൻ തയ്യാറായാൽ ഇവിടെ എന്തും നടത്താം"**

**സാമ്രാജ്യത്വ പദ്ധതി നടപ്പിലാക്കാൻ മഹാത്മജിയുടെ പേരും ഉദ്ധരണിയും ഉപയോഗിക്കുന്നതിലെ വിരോധാഭാസം അഥവാ പരിഹാസം നാം ശ്രദ്ധിച്ചിരിക്കില്ല!**



നങ്ങളെ ശക്തിപ്പെടുത്തൽ, സുതാര്യമാക്കൽ തുടങ്ങിയ പേരുകളിലാണിത് അറിയപ്പെടുന്നത്.

ജലനയത്തിന്റെ കാര്യത്തിൽ ഇത്തരമൊരു പഠന ശില്പശാല, വാട്ടർ അതോറിറ്റിക്കുവേണ്ടി 2007 ജൂലായ് 27ന് നടന്നു. മാനേജ്മെന്റ് മാറ്റുന്ന പരിപാടി എന്ന പേരിൽ സ്ഥാപനം ശക്തിപ്പെടുത്താൻ വേണ്ടി നടത്തിയ ശില്പശാലയുടെ അവതരണരേഖയുടെ കവർ പേജിൽ തന്നെ മഹാത്മാഗാന്ധിയുടെ ഒരു ഉദ്ധരണി നൽകിയിരിക്കുന്നു. (സാമ്രാജ്യത്വ പദ്ധതി നടപ്പിലാക്കാൻ മഹാത്മജിയുടെ പേരും ഉദ്ധരണിയും ഉപയോഗിക്കുന്നതിലെ വിരോധാഭാസം അഥവാ പരിഹാസം നാം ശ്രദ്ധിച്ചിരിക്കില്ല!) "അടിപതറാത്ത വിശ്വാസത്താൽ ജ്വലിപ്പിക്കപ്പെട്ട ഒരു ചെറിയ വിഭാഗം നിശ്ചയദാർഢ്യമുള്ളവരുടെ കൂട്ടായ്മയ്ക്ക് അവരുടെ പ്രവൃത്തിയിലൂടെ ചരിത്രത്തിന്റെ ഗതിയെമാറ്റാനാവും!" ഇതിനെ പുതിയ അർത്ഥത്തിൽ ഇങ്ങനെ വായിക്കാം. "ബഹുഭൂരിപക്ഷത്തിന്റെ ആവശ്യങ്ങൾ എന്തുതന്നെയായാലും നിശ്ചദാർഢ്യത്തോടെ ഒരു (സാമ്രാജ്യത്വ പിന്തുണയുള്ള) സംഘം പ്രവർത്തിക്കാൻ തയ്യാറായാൽ ഇവിടെ എന്തും നടത്താം" കേരള വാട്ടർ അതോറിറ്റിയുടെ മാനേജ്മെന്റ് മാറ്റുകയെന്ന പരിപാടിയുടെ വിശദാംശങ്ങളിലേക്ക് കടന്നാൽ നമുക്ക് കാര്യങ്ങൾ വ്യക്തമാകും. പ്രധാനമായും യൂണിയൻ നേതാക്കൾക്കും രാഷ്ട്രീയ-സാമൂഹ്യ-സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾക്കും വേണ്ടിയായിരുന്നു ശില്പശാല. വളരെ അവധാനതയോടെ തയ്യാറാക്കിയ ഒരു അവതരണമായിരുന്നു അത്. ജലവിതരണം സംബന്ധിച്ച് ദേശീയതലത്തിൽ നിലനിൽക്കുന്ന കാര്യങ്ങളും അതിലെ പ്രശ്നങ്ങളുമാണ് തുടക്കം. അവതരണത്തിലുടനീളം കാണുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, പൊതുമേഖലയ്ക്ക് ഈ രംഗത്ത് കാര്യമായൊന്നും ചെയ്യാനാകുന്നില്ലായെന്നതാണ്. പൊതുമേഖലയുടെ 'ഘടന'തന്നെ ഒരു പ്രധാനപ്രശ്നമാണ്. പ്രത്യക്ഷത്തിൽ 'ശരി'യെന്നു തോന്നുന്ന വിധത്തിലാണ് അവതരണം മുന്നോട്ടുപോകുന്നത്. പൊതുമേഖലയുടെ സാമ്പത്തിക പ്രതിസന്ധിയാണ് രണ്ടാമത്തെ വിഷയം. അതിനുള്ള പ്രധാന കാരണം, ജലവിതരണത്തിൽനിന്ന് കിട്ടുന്ന റവന്യു വരുമാനം കുറവാണ് എന്നതാണ്. ജനങ്ങളിൽനിന്നും 'വളരെ കുറഞ്ഞ നിരക്ക്' (യൂസർഫീയെന്നുള്ള വാക്കുതന്നെ) മാത്രം ഈടാക്കുന്നതിനാൽ നിലവിലുള്ള സംവിധാനം തകരാറുകളില്ലാതെ പ്രവർത്തിപ്പിക്കാൻ വേണ്ട പണം കിട്ടുന്നില്ല (ഒ ആന്റ് എം ചിലവുകൾ) ഈ കുറവ് നികത്താൻ വേണ്ട പണം സർക്കാരുകളും നൽകുന്നില്ല. വേണ്ടത്ര അറ്റകുറ്റപ്പണി നടത്താത്തതിനാൽ സംവിധാനമാകെ തകരാറിലാണ്. ഇതുമൂലം വൻതോതിൽ ക്ഷമത കുറയുന്നു. നിർമ്മിച്ച് അവഗണിച്ച് പുനർനിർമ്മിക്കുക (ബിഎൻആർ) എന്ന തെറ്റായ രീതി തുടരുന്നു. (പകരം സ്വകാര്യമേഖല നിർമ്മിച്ച് പ്രവർത്തിപ്പിച്ച് കൈമാറുക - ബിഒടി - വേണമെന്ന് സ്ഥാപിക്കാനാണിത്) ജല വിതരണരംഗത്തെ പ്രതിസന്ധിക്കുള്ള കാരണങ്ങൾ നിരത്തുന്നതിലും 'അർദ്ധസത്യങ്ങൾകൊണ്ട്, അസത്യങ്ങളെ ന്യായീകരിക്കുന്ന രീതി' കാണാം. ജനസംഖ്യാ വർദ്ധനവ്, നഗരവൽക്കരണം, ഉപഭോഗത്തിലെ വർദ്ധനവ്, വ്യാവസായിക-വ്യാപാരാവശ്യങ്ങൾ, മലിനീകരണം, മലിനജലവാർച്ചാസംവിധാനത്തിന്റെ അപര്യാപ്തത തുടങ്ങിയവ മൂലം ഇന്നുള്ള സംവിധാനം വേണ്ടത്ര ശേഷിയില്ലാത്തതായിരിക്കുന്നു. ഇന്നുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ വൻതോതിൽ മൂലധനം വേണം, സർക്കാരിന്റെ കയ്യിൽ പണമില്ല, സ്വകാര്യമൂലധനം വരണം, അതിനനുസരിച്ച് സംവിധാനങ്ങളുടെ ഘടന മാറണം.... ഇതാണ് രീതി.... ജലവിതരണത്തിനുള്ള ഫണ്ട് വരാൻ ഇന്ന് രണ്ട് വഴികളാണുള്ളത് - യൂസർഫീ, നികുതി. സർക്കാർ നികുതി പിരിച്ച് പൊതുസംവിധാനങ്ങൾ സ്ഥാപിക്കുകയെന്ന 'പഴഞ്ചൻ' (ക്ഷേമരാഷ്ട്ര) രീതി ഇന്ന് അപ്രസക്തം. യൂസർഫീയിൽനിന്നും കിട്ടുന്നത് ശമ്പളം നൽകാൻ കഴിയുന്നില്ല. പുതിയ മുതൽമുടക്ക് വരാതെ സംവിധാനം മെച്ചപ്പെടുത്താനാവില്ല. ഈയവസ്ഥ കേരളത്തിലുമുണ്ടെന്ന് കണക്കുകൾ വച്ച് സ്ഥാപിക്കുന്നു. 'മഹത്തായ' ചില ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്നു. പ്രതിദിനം എല്ലാവർക്കും 135 ലിറ്റർ വീതം ശുദ്ധജലം പൈപ്പിലൂടെ നൽകാൻ 2010ൽ നമ്മുടെ ജലവിതരണ സംവിധാനത്തിന്റെ ശേഷി പ്രതിദിനം 6675 ദശലക്ഷം ലിറ്ററാകണം, 2020ൽ ഇത് 8772 ദശലക്ഷം ലിറ്ററാകണം. ഇപ്പോഴത്തെ ശേഷിയാകട്ടെ വെറും 1800 ദശലക്ഷം ലിറ്റർ മാത്രം. അപ്പോൾ പണം വരാതെ നടക്കില്ല. സ്വകാര്യ **മൂലധനനിക്ഷേപം വേണം. അതിനനുകൂലമായി വില ഉയരണം. സർക്കാർ നയം മാറണം. എല്ലാവർക്കും കുടിവെള്ളം പൈപ്പിലൂടെയാണോ നൽകേ**

**ണ്ടത് എന്ന പ്രധാന ചോദ്യമുണ്ട്. അത് സാദ്ധ്യമാണോയെന്ന പ്രശ്നമുണ്ട്. അതിനാവശ്യമായ ജലശേഖരങ്ങൾ ഈ നാട്ടിലുണ്ടോയെന്നതാരും തിരക്കാറില്ല. ഇപ്പോഴതൊന്നും പറയില്ല. പണം വൻതോതിലാവശ്യമാണെന്ന് 'ഇടതുപക്ഷത്തെ' യൂണിയനുകളും കക്ഷികളും വരെ അംഗീകരിക്കണം. അതവർ അംഗീകരിക്കുന്നു. ശേഷം ചിന്ത്യം.**

ഈയവസ്ഥക്കായി വാട്ടർ അതോറിറ്റിയെ ജലവിതരണ ഏജൻസിയെന്നിടത്തുനിന്നും 'വളർത്തി' തന്ത്രപ്രധാന ആസൂത്രണം നടത്തുന്നവരാകുന്നു. അതിനനുസരിച്ച് എല്ലാം മാറണം. വെള്ളം നൽകാൻ വേറെ ആളുണ്ടാകണം. ഇതിന് സുതാര്യതയുടെയും കാര്യക്ഷമതയുടെയും റവന്യു വരുമാനം കിട്ടാത്ത വെള്ളത്തിന്റെ കണക്കിന്റെയും ഒക്കെ ന്യായീകരണങ്ങളുണ്ടാകും. മറ്റ് നഗരങ്ങളിൽ ഇത്തരം 'വായ്പാവികസന പദ്ധതികൾ' നടപ്പിലാക്കിയതിന്റെ വിജയകഥകൾ പറയും. പൊതുടാപ്പുകൾ എന്ന 'നഷ്ടം കുറച്ച് ഗൃഹകണക്ഷനുകളാക്കുന്നതിന്റെ പ്രാധാന്യം പറയുന്നു. ഒടുവിൽ ഇത്തരം പരിപാടികൾ യൂണിയൻ നേതാക്കൾക്കും തൊഴിലാളികൾക്കും വേണ്ടി നടത്തിയപ്പോൾ ഉണ്ടായ 'സമവായം' പറയുന്നു. ഈ പ്രചരണ പരിപാടിക്കാവശ്യമായ പണം ലഭ്യമായത് ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി ജെ.ബി.ഐ.സി. നൽകിയ ഫണ്ടിൽനിന്നാണെന്നുകൂടി പറയുന്നതോടെ ചിത്രം വ്യക്തം.

ജലനയത്തിന്റെ കരടുരേഖ വന്നപ്പോൾത്തന്നെ ഒട്ടനവധി വിമർശനങ്ങൾ ഉയർത്തിയിരുന്നു. കോളക്കമ്പനിക്ക് ജലചൂഷണം നടത്താമെന്ന് 'ശാസ്ത്രീയമായി' തെളിയിച്ച ഒരു സ്ഥാപനത്തെ (സി.ഡബ്ല്യു.ആർ.സി.എം) ഈ രേഖയുണ്ടാക്കാൻ ഏൽപ്പിച്ചതുതന്നെ ശരിയായില്ലെന്നതായിരുന്നു ഒരു വിമർശനം. ജലം ജീവന്റെ ആധാരമാണെന്നതിനുപകരം ഏറ്റവും വലിയ വ്യാപാരസാദ്ധ്യതയുള്ള ഒന്നാണതെന്ന് സ്ഥാപിക്കുന്ന രേഖയാണത്. 2000ലെ ദേശീയ ജലനയത്തിന്റെ തുടർച്ച മാത്രം. ജല പ്രതിസന്ധി, മൂലധനാവശ്യം തുടങ്ങി മുമ്പുപറഞ്ഞ യുക്തികൾ ഇതിലുമുണ്ട്. ജനവിനിയോഗത്തിലെ മുൻഗണനാക്രമം തന്നെ പ്രകൃതിവിരുദ്ധമായി അവതരിപ്പിക്കുന്നു. ഗാർഹിക കുടിവെള്ളം ഒന്നാമത്തെ ആവശ്യമെന്ന് പറയുമ്പോഴും വ്യവസായമടക്കമുള്ള മറ്റ് മേഖലകളുടെ മുൻഗണന, പ്രാദേശികമായി മാറ്റാമെന്ന് പറയുന്നതോടെ കാര്യങ്ങൾ മേൽക്കീഴ് മറിയുന്നു. ജലം അടിസ്ഥാന അസംസ്കൃതവസ്തുവായുള്ള വ്യവസായങ്ങൾ വരില്ലെന്നു പറയുന്നില്ല. കോളക്കമ്പനികൾ ഇനിയും വരാം. ജലവൈദ്യുതിക്ക് നൽകുന്ന പരിഗണനയും സ്വീകാര്യമല്ല - പാത്രക്കടവ്, അതിരപ്പിള്ളി പദ്ധതികൾക്കെതിരായ സമരങ്ങൾ കുടിവെള്ള സംരക്ഷണത്തിനുവേണ്ടി കൂടിയാണ്. കുടിവെള്ള മേഖലയിലേക്ക് 'പങ്കാളിത്ത ജനാധിപത്യ'മെന്നതിന്റെയും 73-74 ഭരണഘടനയുടെയും മറവിൽ ഗുണഭോക്താക്കളെ ഏൽപ്പിക്കുന്നതിനെ അംഗീകരിക്കാനാവില്ല (ജലനിധിപദ്ധതി) ജലത്തിന്റെ ഗുണനിലവാരമനുസരിച്ച് വില, കൂടുതൽ പണം നൽകുന്നവർക്ക് കൂടുതൽ ജലം തുടങ്ങിയ സമീപനങ്ങളും ശരിയല്ല. നാണ്യവിളയ്ക്ക് നൽകുന്ന മുൻഗണനയും പ്രകൃതി വിരുദ്ധമാണ്. മലിനീകരണം, നിരവധി ഖനനപദ്ധതികൾ, പാടം നികത്തൽ തുടങ്ങിയവയെല്ലാം 'വ്യവസായ വികസന'ത്തിന് വേണ്ടി നടത്തിയാൽ ജലനയം ജലരേഖയാകും. സി.ഡബ്ല്യു.ആർ.സി.എം. ഈ രേഖയ്ക്ക് പ്രചരണം നൽകുമെന്നും അതിന് യുഎസ് എയ്ഡ് പോലുള്ള സാമ്രാജ്യത്വ ഏജൻസികളുടെ പിന്തുണയുണ്ടാകുമെന്നും പറയുന്നതും അംഗീകരിക്കാനാവില്ല.

ഇതിനെല്ലാമെതിരായി ശില്പശാലയിൽ ശക്തമായ വിമർശനങ്ങളുയർന്നപ്പോൾ മുഖ്യമന്ത്രിയും ജലമന്ത്രിയും സംശയരഹിതമായി പറഞ്ഞു ഈ കുഴപ്പങ്ങളെല്ലാം മാറ്റുമെന്ന്. കേരളത്തിന്റെ മണ്ണും വനവും കായലും കടലും വെള്ളവും സംരക്ഷിക്കാൻ നടത്തുന്ന പോരാട്ടങ്ങൾക്കൊപ്പം നിന്നയാളാണ് മുഖ്യമന്ത്രിയെന്നതിനാൽ ആ വാക്കുകളിൽ നാം വിശ്വാസമർപ്പിച്ചു. എന്നാൽ പുതുക്കിയ ജലനയം ഇതൊക്കെ അംഗീകരിക്കുന്നുവോ? അന്തിമ റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. **അധികം വൈകാതെ തന്നെ അന്തിമനയം പുറത്ത് വരുമെന്ന് മന്ത്രി പറയുന്നു. അതിനായി ഒരു സമിതിയെ ഏൽപ്പിച്ചിരിക്കുകയാണത്രേ. ഈ സമിതിയുടെ ശുപാർശകൾ സംബന്ധിച്ച് പുറത്തുവന്നിട്ടുള്ള റിപ്പോർട്ടുകൾ ശരിയാണെങ്കിൽ മുഖ്യമന്ത്രിയും ജലമന്ത്രിയും വാക്കുപാലിച്ചുവെന്ന് പറയാനാകില്ല. ജലനിധി തുടരാനും എഡിബി നടപ്പിലാക്കാനും വാട്ടർ അതോറിറ്റി കുപ്പിവെള്ളം വിൽക്കാനും അത് പരിഷ്കരിക്കപ്പെടാനും തീരുമാനമായിരിക്കുന്നു.** മുമ്പ് പറഞ്ഞ വിമർശനങ്ങളൊന്നും അന്തിമരേഖ പരിഗണിച്ചിട്ടില്ലെന്നാണറിയുന്നത്. 'മൂലധനച്ചിലവ് തിരിച്ചുപിടിക്കും' എന്ന വാക്ക് മാറ്റിയെന്ന് മന്ത്രി പറയുന്നു. പക്ഷെ അതുകൊണ്ടൊരു കാര്യവുമില്ല. ജലത്തിന്റെ വ്യാപാരാടിസ്ഥാനം മാറുന്നില്ല. ലോകബാങ്ക് രേഖക്കനുസരിച്ചുതന്നെയാണ് അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നതെന്നറിയുന്നു. പണം നൽകാനാവാത്തവർക്ക് കുടിവെള്ളം കിട്ടില്ലെന്നുവരുന്നത് പ്രകൃതിവിരുദ്ധമാണ്. സർക്കാർ കുടിവെള്ളരംഗത്തുനിന്നും പിന്മാറി, മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥ വന്നാൽ വലിയൊരു വിഭാഗവും വെള്ളം കിട്ടാത്തവരാകും. ചുരുക്കത്തിൽ ജീവന്റെ ആധാരമായ ജലം എല്ലാ ജീവരൂപങ്ങൾക്കും ലഭ്യമാക്കുകയെന്ന അടിസ്ഥാനധർമ്മം നിർവ്വഹിക്കുന്നതിന് തടസ്സമാകുന്ന ഒരു ജലനയംതന്നെയാണ് ഇടതുപക്ഷവും അവതരിപ്പിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തം തുടങ്ങിയ പ്രയോഗങ്ങളുടെ അർത്ഥമിതാണ്. എന്നാൽ ഈ നയങ്ങൾക്കെതിരെ ജനപക്ഷത്തുനിന്ന് സമരം ചെയ്തവർ ഭരണത്തിലെത്തിയാലും നയം മാറുന്നില്ലെന്ന തിരിച്ചറിവാണ് ഇതുണ്ടാക്കുന്നത്.

*തണൽ, കൊച്ചി-21*